(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ. വൈ.

1 (1472) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2015 നവംബർ 30 വരെ പണി പൂർത്തീകരിയ്ക്കാത്ത എത്ര ഐ. എ. വൈ. പ്രകാരമുള്ള വീടുകളുണ്ട്; പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ പണം നൽകുമോ ; വിശദവിവരം നൽകുമോ;

(ബി) കേന്ദ്രത്തിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ച തുക എത്ര ; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(സി) 2015-16 വർഷത്തിലേക്ക് ഐ. എ. വൈ. പ്രകാരം എത്ര വീടുകൾ അനുദിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) 14,465 വീടുകൾ. പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം, ത്രിതല പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ടി തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 വർഷത്തേക്ക് 59,060 വീടുകളാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പി.എം.ജി.എസ്.വൈ. പദ്ധതി

2 (1473) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡുകളുടെ പണിക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly